"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് – ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു കൊണ്ടും പുതിയ മാനദണ്ഡങ്ങൾ ഏർപ്പെടുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ.(അച്ചടി)നം.54/2025/ധന | തീയതി,തിരുവനന്തപുരം, 19-04-2025

---

പരാമർശം:
1. സ. ഉ. (പി) നം. 28/2016/ധന, തീയതി : 26/02/2016
2. സ. ഉ. (പി) നം. 56/2017/ധന, തീയതി : 28/04/2017
3. സ. ഉ. (പി) നം. 112/2018/ധന, തീയതി : 21/07/2018
4. സ. ഉ. (പി) നം. 81/2019/ധന, തീയതി : 09/07/2019
5. സ. ഉ. (പി) നം. 29/2021/ധന, തീയതി : 11/02/2021
6. സ. ഉ. (പി) നം. 119/2019/ധന, തീയതി : 30/08/2019
7. സർക്കുലർ നം. 03/2019/ധന, തീയതി : 11/01/2019

## ഉത്തരവ്

പരാമർശം 1, 2, 3, 4, 5 ഉത്തരവുകൾ പ്രകാരം സർക്കാർ വകുപ്പുകൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ മാത്രം ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാനും ടി ജീവനക്കാരുടെ വേതനം സംബന്ധിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം 1 ഉത്തരവിൽ ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം സർക്കാരിന് അനിവാര്യമാണെന്ന് തോന്നുന്നപക്ഷം, മാറുന്ന വിലസൂചികയ്ക്ക് അനുസരിച്ച് പുതുക്കി നിശ്ചയിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2025-2026 ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം 5 ശതമാനം വർദ്ധിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു.

2. ഈ സാഹചര്യത്തിൽ, ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നൽകുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വേതനവർദ്ധനവിന് ചുവടെ പറയുന്ന നിബന്ധനകൾ/മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം പുതുക്കി നിർണ്ണയിച്ച് ഉത്തരവാകുന്നു.

1. ദിവസ വേതന/കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ നടത്തുന്നതിന് പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകളിലെ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

2. ദിവസ വേതന/കരാർ നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾ/മാനദണ്ഡങ്ങൾ സർക്കാർ വകുപ്പുകൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്രസഹായ പദ്ധതികൾ, സംസ്ഥാന പദ്ധതികൾ, ക്ഷേമനിധി ബോർഡുകൾ എന്നിവിടങ്ങളിലെ താല്ക്കാലിക നിയമനങ്ങൾക്ക് ബാധകമാണ്. ഈ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ച് കൊണ്ട് നടത്തുന്ന നിയമനങ്ങൾക്ക് മാത്രമേ ഈ ഉത്തരവ് പ്രകാരമുള്ള വർദ്ധിച്ച വേതനത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

3. വേതന വർദ്ധനവ് അനുവദിച്ചുകൊണ്ടുള്ള ഈ ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടാത്തതും എന്നാൽ പ്രത്യേകമായി ധനവകുപ്പിന്റെ അംഗീകാരത്തോടെ കാറ്റഗറി തിരിച്ച് കരാർ/ദിവസ വേതനം നിർണ്ണയിച്ചു നൽകിയിട്ടുള്ള തസ്തികകൾക്കും/സ്ഥാപനങ്ങൾക്കും ഈ വേതന വർദ്ധനവ് ബാധകമായിരിക്കും.

4. മെട്രോപൊളിറ്റൻ നഗരമായ ഡൽഹി, മുംബൈ എന്നിവിടങ്ങളിലെ കേരള ഹൗസുകളിലെ ദിവസ വേതന ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരമുള്ള ദിവസവേതനത്തിലുപരിയായി 5% വർദ്ധനവിന് അർഹത ഉണ്ടായിരിക്കും.

5. ബഹു. മന്ത്രിമാരുടെയും സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ് എന്നിവരുടെ ഓഫീസുകളിലും അതുപോലെ തന്നെ അവധി ദിവസങ്ങളിലും ജോലി ചെയ്യേണ്ടതായിട്ടുള്ള മറ്റു ചില ഓഫീസുകളിലും ഡ്രൈവർ, സെക്യൂരിറ്റി ജീവനക്കാർ തുടങ്ങിയവർ ഓഫീസ് മേധാവിയുടെ നിർദ്ദേശാനുസരണം അവധി ദിവസങ്ങൾ ഉൾപ്പെടെ മാസത്തിൽ 27 –ൽ അധികം ദിവസം ഔദ്യോഗിക കൃത്യനിർവഹണം ചെയ്യേണ്ടി വരുന്ന സാഹചര്യം വരികയാണെങ്കിൽ, ഇവർക്ക് അധികം ജോലി ചെയ്ത ദിവസങ്ങളിലെ വേതനത്തിന് മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അർഹതയുണ്ടായിരിക്കുന്നതാണ്. ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമാണ് ഇപ്രകാരമുള്ള അധിക വേതനത്തിന് അർഹത ഉണ്ടായിരിക്കുന്നത്. ഇപ്രകാരം നൽകുന്ന അധികവേതനത്തിനുള്ള അർഹത ഓഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഓഫീസ് മേധാവി പൂർണ്ണ ഉത്തരവാദി ആയിരിക്കും.

6. കരാർ/ദിവസ വേതന നിയമനം നടത്തുന്ന വേളയിലും സേവന കാലാവധി ദീർഘിപ്പിച്ച് നൽകുന്ന വേളയിലും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നൽകുന്ന വ്യക്തിയുടെ പക്കൽ നിന്നും "സ്ഥിരനിയമന വാദം ഉന്നയിക്കില്ല" എന്ന സത്യവാങ്മൂലം ബന്ധപ്പെട്ട നിയമന അധികാരി വാങ്ങിയിരിക്കേണ്ടതാണ്. കൂടാതെ കരാർ/ദിവസവേതന നിയമനം ലഭിക്കുന്ന വ്യക്തിയുമായി ഏർപ്പെടുന്ന കരാറിൽ "ഈ തസ്തികയിലോ/വകുപ്പിലോ/ സ്ഥാപനത്തിലോ ഇതുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വകുപ്പിലോ/സ്ഥാപനങ്ങളിലോ/ തസ്തികകളിലോ സ്ഥിരപ്പെടുത്തുന്നതിന് യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല" എന്ന നിബന്ധന ഉൾപ്പെടുത്തേണ്ടതാണ്.

7. കരാർ/ദിവസവേതന ജീവനക്കാരുടെ സേവന കാലാവധി ദീർഘിപ്പിച്ച് കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ കരാർ/ദിവസ വേതന കാലാവധി വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ് (dd/mm/yy to dd/mm/yy). കാലാവധി ദീർഘിപ്പിച്ച് നല്കുമ്പോൾ കുറഞ്ഞത് ഒന്നോ രണ്ടോ പ്രവൃത്തി ദിവസത്തെ എങ്കിലും ഇടവേള നല്കേണ്ടതാണ്.

8. സർക്കാർ അനുമതി കൂടാതെ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുകയോ/കാലാവധി ദീർഘിപ്പിച്ച് നൽകുകയോ അത് വഴി സർക്കാരിന് സാമ്പത്തിക ബാധ്യതയോ ഉണ്ടാകുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം നിയമന അധികാരിയിൽ നിക്ഷിപ്തമായിരിക്കും.

9. ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് അവർ ജോലി ചെയ്യുന്ന ദിവസങ്ങളിലെ വേതനത്തിന് മാത്രമാണ് അർഹത ഉള്ളത്. മറ്റ് ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

10. വിരമിച്ച സർക്കാർ ജീവനക്കാരനെ കരാറടിസ്ഥാനത്തിലോ ദിവസ വേതന അടിസ്ഥാനത്തിലോ നിയമിക്കേണ്ടി വരുന്ന പക്ഷം, വിരമിച്ച ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാനശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച തുക, അതാത് കാലത്തുള്ള കരാർവേതനം/ ദിവസവേതനം മാസക്കണക്കിൽ ഇവയിൽ ഏതാണോ കുറഞ്ഞ തുക, ആ തുക വിരമിച്ച സർക്കാർ ജീവനക്കാരന്റെ കരാർ/ദിവസ വേതനമായി നിജപ്പെടുത്തേണ്ടതാണ്. കരാർ അടിസ്ഥാനത്തിലാണ് വിരമിച്ച ജീവനക്കാരനെ നിയമിക്കുന്നതെങ്കിൽ കെ. എസ്. ആർ ഭാഗം 1 ചട്ടം 8 പ്രകാരമുള്ള agreement execute ചെയ്തതിനു ശേഷം മാത്രമേ നിയമനം നൽകാൻ പാടുള്ളൂ. ഈ ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടാത്ത തസ്തികയിലേക്കാണ് വിരമിച്ച ജീവനക്കാരനെ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതെങ്കിൽ ധനവകുപ്പിന്റെ അംഗീകാരത്തോടെ വേതനം നിശ്ചയിക്കേണ്ടതാണ്.

3. വേതന വർദ്ധനവിന് 01/04/2025 തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. എ. ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്:**

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ് -1), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്-2), കേരള, തിരുവനന്തപുരം
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ / ജോയിൻറ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ

5. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.
6. രജിസ്ട്രാർ,കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ.
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
8. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
9. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ.
10. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
12. ഗവർണ്ണറുടെ സെക്രട്ടറി.
13. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
14. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
15. എല്ലാ വകുപ്പുമേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും.
16. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
17. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
18. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
19. എല്ലാ ജില്ലാ ട്രഷറികൾ/സബ്ട്രഷറികൾ.
20. നോഡൽ ഓഫീസർ www.finance.kerala.gov.in
21. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E No.1493249- EXP-C3/22/2020-FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ANNEXURE**

| I | II | III |
|---|---|---|
| **CATEGORY -I**<br><br>Office Attendant, Amenities Assistant (MLA Hostel), Waiter/ Bearer/ Room Attendant/ Lascar/ Gardener/ Kitchen Helper, Hospitality Assistant, Ploughman/Beetle Picker/Regular Mazdoor, Permanent Servant, Poultry Attendant (Animal Husbandry), Dhobi, Depot Watcher/Reserve Watcher /Plantation Watcher/Elephant Mahout/Cavadies (Forest), Field Worker, Cobbler, Dark Room Assistant, Worker/Mason, Dredger Cleaner, Dredger Worker, Dredger Watcher, Village Field Assistant, Camp Follower (Police), Ayah, Chainman (Survey), Lab Attender, Mortuary Attender, Lift Operator, CT Helper, Hospital Attendant, House Keeper, Nursing Assistant, Power Laundry Helper, Worker (Health), Laundry Man/Women (Health Services Department), Animal Keeper, Curator, Gallery Attendant, Guide Lecturer, Attender, Driver (Battery-Operated Car), Binder, Full Time Sweeper cum Sanitation Worker, Telephone Cleaner, Full Time Sweeper, Scavenger, Skilled Assistant, Matty, Warden, Cook cum Watcher, Ferry Man, Telephone Operator, Library Assistant, Record Keeper, Watch Man, Traffic Warden, Full | Daily Wage Rs.710/- Maximum daily wages payable in a month Rs.19,170/- | Maximum monthly contract pay Rs.19,310/- |

| | | |
|---|---|---|
| Time Sanitation Worker, Care Taker, Cook, Peon, Mechanic, Chaulker, Painter, Sanitation Worker, Stretcher Carrier, Mess Attender, Paper cutter (DME), Mess Boy/Girl, Sweeper cum Sanitation Worker, Packer (Lottery Dept.), Pharmacy Attender, Labourer on daily wages, Daily wage workers (Farm), Night Watchman, Grounds Man/Marker, Photographic Attender (I&PRD), Casual Worker (Kerala State Ground Water Dept.), Kashaya Servant/ Artist/ Theatre Assistant/Kitchen Assistant/ Hospital Attender (Ayurveda Medical Education Dept.) Matron, Guard (Museum &Zoo). | | |
| **CATEGORY – II**<br>Office Attendant cum Driver, Driver-Motor, Driver-Tractor, Driver-Boat Syrang/Engine Driver, Loco Driver, Chauffeur, Butler, Steward, Part Time Special Teacher (UP School and High School), Laboratory Assistant/Junior Laboratory Assistant in Hospitals, Instructor (Pottery, Plastic, Leather, Tailoring, Book Binding) in Social Justice Department, Junior Instructor (Composing and Printing, Weaving, Raton, Book Binding) in Technical Education Department, Electrician, Pump Operator, Welder, Plumber, Turner, Fitter in all Departments, Life Guard, Line Man, Black Smith, Carpenter, Battery Charger, Upholster, Machinist, Panel Artist (Lottery Dept.), Artist/Designer (I&PRD). | Daily Wage Rs.770/-<br>Maximum daily wages payable in a month Rs.20,790/- | Maximum monthly contract Pay Rs.21,070/- |

| | | |
|---|---|---|
| **CATEGORY – III**<br><br>Clerk/Clerk cum Accountant/Junior Accountant/ Lower Division Typist/Clerk cum Typist/Clerk Typist/ Typist Clerk/Data Entry Operator, Roller Driver, Security Guard, Draftsman/Overseer, Ayurveda Therapist, Part Time Language Teacher (High School), Treatment Organizer (Health Service Department), Rehabilitation Technician (Health Service Department), Village Assistant (Revenue), Printer/Compositor/Binder (Printing), Junior Instructor (Industrial School) and Tradesman in Technical Education Department, Steward (Tourism), Lab Technical Assistant (Higher Secondary School, Vocational Higher Secondary School), Receptionist in Health Services Department, Dialysis Technician, CT technician, Neuro Technician, OT Technician, Anesthesia Technician, ECG/EEG/TMT Technician, Boat Master, Computer Assistant, Computer Operator, Copy Holder, Hospital KIOSK Executive under Local Self Govt Institutions, Call Center Executive (NORKA), Valuation Assistant (PWD), Project Associates(Planning Board), Girl Cadets Administrator/Instructor(NCC Department), Pre Matric Hostel Warden (SC Development Dept.), Bench Clerk, Telephone Attendant cum Data Entry Operator. | Daily Wage Rs. 800/-<br>Maximum daily wages payable in a month Rs.21,600/- | Maximum monthly contract pay Rs.22,240/- |

| | | |
|---|---|---|
| **CATEGORY – IV**<br><br>Confidential Assistant/Steno Typist, Computer Assistant (Secretariat, PSC, State Audit Department, Enquiry Commission and Special Judge, Advocate General Office, Vigilance Tribunal, High Court, Universities), DTP Operator/Computer Programmer, Agriculture Assistant, Laboratory Technician (Animal Husbandry) Live Stock Inspector (Animal Husbandry), Pharmacist (Homoeo, Ayurveda), Nurse (Homoeo, Ayurveda), Tracer (Soil survey), Ware Houseman cum Store Keeper, Assistant Prison Officer, Security Supervisor, Chick Sexer, Home Guard, Mender (Archives Dept.), Heritage Document Transalator (Collegiate Education Dept.). | Daily Wage Rs.820/- Maximum daily wages payable in a month Rs.22,140/- | Maximum monthly contract pay Rs.23,410/- |
| **CATEGORY – V**<br><br>Librarian, Statistical Assistant/Statistical Investigator, Teacher (Craft), Instructor Work Experience Programme (Upper Primary and Lower Primary School), Assistant Teacher without Special Training Schools for the Handicapped, Dental Hygienist, Optometrist, Pharmacist, Lab Technician, Radiographer, Blood Bank Technician, Theatre Technician, Junior Public Health Nurse, Junior Health Inspector, Bulldozer Operator (Irrigation), Dredger Operator/Dredger Driver, Assistant (Police | Daily Wage Rs.900/- Maximum daily wages payable in a month Rs.24,300/- | Maximum monthly contract pay Rs.25,750/- |

| | | |
|---|---|---|
| SBCID), Literacy Teacher/Nursery Teacher/Craft Instructor/Music Teacher/Agriculture Instructor/ Carpentry Instructor/Weaving Instructor/Drill Instructor/Dance master/Physical Training Instructor (Social Justice Dept.) Surveyor, X-ray Technician, Sergeant (Govt. Medical Colleges). | | |
| **CATEGORY – VI**<br><br>Teacher/ Instructor/ Fishing Technology Assistant/ Sewing Mistress/ Pandit/ Junior Pandit/ Drill Master/ Drawing Master/ Bhagavatar (Upper Primary and Lower Primary Schools in General Education Department), Trade Instructor/ Instrument Mechanic (Technical Education Department), Proof Reader, Sociologist, Master Trainers (SPARK), Curator (Museum & Zoo Dept.), Fisheries Officer/Sub inspector of Fisheries (Fisheries Dept.). | Daily wage Rs.1010/- Maximum daily wages payable in a month Rs.27,270/- | Maximum monthly contract pay Rs.29,510/- |
| **CATEGORY – VII**<br><br>Reader (Legislature Secretariat), Reception Assistant/Information Assistant (Kerala House), ITI Junior Instructor/ACD Instructor (Industrial Training Dept.), Social Worker (Medical Education Psychiatric Dept.) Developmental Therapist in Child Development Center, Translator (Advocate General Office), Transplant Co-ordinator (Health Department). | Daily Wage Rs.1,060/- Maximum daily wages payable in a month Rs.28,620/- | Maximum monthly contract pay Rs.31,020/- |

| | | |
|---|---|---|
| **CATEGORY – VIII**<br><br>Assistant/Auditor (Secretariat/PSC/State Audit Department/Advocate General Office, High Court, Vigilance Tribunal, Enquiry Commission and Special Judge, Universities), Reporter (Legislature Secretariat), Instructors and Specialist Teachers (Secondary Schools), Staff Nurse, Dietitian (Health Service Department), Photographer (I&PRD), Vocational Instructor (VHSE), Occupational Therapist in Child Development Center, GIS Specialist in IDRB, Research Assistant (KIRTADS), Technical Assistants (Gramapanchayats), Video Editor (Farm Information Bureau), Assistant Information Officer (New Delhi Information Office & District Information Offices, I&PRD), Demonstrator/Workshop Instructor (Technical Education Department). | Daily Wage Rs.1,160/- Maximum daily wages payable in a month Rs.31,320/- | Maximum monthly contract pay Rs.32,550/- |
| **CATEGORY – IX**<br>Legal Assistant (Law Secretariat), High School Assistant (Secondary School), Assistant Teacher with Special Training Schools for the Handicapped, Instructor (Engineering, Govt. Commercial Institute, Shorthand, Commerce, Secretarial Practice) in Technical Education, Computer Programmer (with MTech/ME/BTech/BE/MCA/Msc Computer Science Qualification), Perfusionist (Medical Education Department). | Daily Wage Rs.1,160/- Maximum daily wages payable in a month Rs.31,320/- | Maximum monthly contract pay Rs.34,190/- |

| | | |
|---|---|---|
| **CATEGORY – X**<br><br>High School Assistant in Schools for Handicapped, Higher Secondary School Teacher (Junior), Vocational Higher Secondary School Teacher (Junior), Non Vocational Higher Secondary School Teacher (Junior), Non Vocational Teacher (GFC) (Max. Number of days allowed for GFC Teacher will be 9 in a month subject to the maximum of Rs.9,930/-), Microbiologist, Physiotherapist in Health Services and Medical Education Department, Fine Arts Experts, Senior Computer Programmer (with MTech/ME/BTech/BE/MCA/MSc Computer Science Qualification along with 2 or more years of experience as Computer Programmer), Bio Medical Engineer (Medical Colleges), Speech Pathologist & Audiologist, Editorial Assistant, Project Scientist (Subject to satisfaction of prescribed qualification – KSREC), Information cum research officer, state project director (as per qualification). | Daily Wage Rs.1,270/-<br>Maximum daily wages payable in a month Rs.34,290/- | Maximum monthly contract pay Rs.37,800/- |
| **CATEGORY – XI**<br><br>Agriculture Officer (Agriculture), Veterinary Surgeon (Animal Husbandry), Analyst (Drugs Control), Higher Secondary School Teacher Senior (Higher Secondary Education Department), Medical Officer – Homoeo (Homoeopathy Department), Medical | | |

| | | |
|---|---|---|
| Officer (Ayurveda, Specialist) in Indian System of Medicine Department, Assistant Insurance Medical Officer (Ayurveda/Homoeo), Assistant Engineer (PWD, Irrigation, Harbour Engineering, Agriculture ), Non Engineering Lecturer (Technical Education Department), Vocational Higher Secondary School Teacher Senior, Non Vocational Higher Secondary School Teacher Senior, Lecturer (Polytechnic), Principal (Minority Welfare Department –Directorate), Medical Officer (Unani, Siddha & Naturopathy), System Analyst – Universities, Clinical Psychologist (Health Services Department, Medical Education Department), Soil Survey Officer (Soil Survey and Soil Conservation Department). | Daily Wage Rs.1,530/- Maximum daily wages payable in a month Rs.41,310/- | Maximum monthly contract pay Rs.46,230/- |
| **CATEGORY - XI (a)**<br>Lecturer without PG (Ayurveda). | Daily Wage Rs.1,640/- (if necessary) | Maximum monthly contract pay Rs.49,150/- |
| **CATEGORY – XII**<br>Medical Officer in Health Services and Insurance Medical Service Departments including General and Specialist, Lecturer with PG (Ayurveda). | Daily Wage Rs.2,060/- Maximum daily wages payable in a month Rs.55,620/- | Maximum monthly contract pay Rs.60,410/- |